**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **08-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>NAS (National Achievement Survey) 2021 ഉൾപ്പെടെയുള്ള വിവിധ സർക്കാർ റിപ്പോർട്ടുകളും പഠനങ്ങളും പ്രകാരം, ഗോത്രവിദ്യാർത്ഥികളും മറ്റ് സാമൂഹിക വിഭാഗങ്ങളിലെ വിദ്യാർത്ഥികളും തമ്മിൽ അക്കാദമിക് പ്രകടനത്തിൽ വലിയ വ്യത്യാസമുണ്ട്.<br><br>• കൂടുതൽ സ്കൂൾ വിട്ടുപോകൽ<br>• കുറഞ്ഞ വിജയശതമാനം<br>• ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള താൽപര്യക്കുറവ് എന്നിങ്ങനെയുള്ള വ്യത്യാസങ്ങൾ പ്രത്യക്ഷമാണ്.<br><br>അക്കാദമിക് പ്രകടനത്തെ ബാധിക്കുന്ന പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു:<br><br>• മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ<br>• പഠനമാധ്യമ വ്യത്യാസം<br>• പാഠ്യപദ്ധതിയും സിലബസും ഗോത്ര വിദ്യാർത്ഥികളുടെ പശ്ചാത്തലവുമായി പൊരുത്തപ്പെടാത്തത്<br>• മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, കുട്ടികളുടെ പഠനത്തിൽ സ്വാഭാവിക തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഇത് മാതാപിതാക്കൾപഠനപ്രക്രിയയിൽ ഇടപെടുന്നത് തടയുന്നു.<br>• അതുപോലെ PTA കളും സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.<br><br>വെല്ലുവിളികൾ ചുവടെ ചേർക്കുന്നു:<br><br>• പ്രാഥമിക പഠനകാലത്ത് ഭാഷാ തടസ്സങ്ങൾ<br>• പല ഗോത്ര പ്രദേശങ്ങളിലും മൗസമിക കുടിയേറ്റം<br>• കുട്ടികൾ മാതാപിതാക്കളോടൊപ്പം തോട്ടങ്ങളിലും തൊഴിലിടങ്ങളിലും ജോലിചെയ്യേണ്ട അവസ്ഥ<br>• ഡിജിറ്റൽ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യങ്ങളും ഇല്ലായ്മ<br>• പ്രതീക്ഷിക്കാത്ത പ്രകൃതി ദുരന്തങ്ങളും സാമൂഹിക വേർപാടുമൂലമുള്ള മാനസിക സമ്മർദ്ദം |

| | | | |
|---|---|---|---|
| | | | • ആർത്ഥിക പിന്നാക്കാവസ്ഥ - കുടുംബവരുമാനം കൂട്ടാൻ കുട്ടികളെ ജോലിക്കയക്കുന്നത് |
| (ബി) | പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക,സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തിവരുന്നു. കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഉയർന്ന നില എല്ലാ കുട്ടികൾക്കും ലഭ്യമാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളെ അവരുടെ കഴിവിന്റെ പരമാവധി വികസിപ്പിച്ച് സമൂഹത്തിൽ യോജ്യമായ സ്ഥാനം നേടാൻ സഹായിക്കേണ്ടതാണ്. പ്രതീക്ഷിക്കാത്ത പ്രകൃതി ദുരന്തങ്ങൾ (പ്രത്യേകിച്ച് ഗോത്ര പ്രദേശങ്ങളിലും,തീര പ്രദേശങ്ങളിലും) മൂലമുള്ള വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദവും മുഖ്യധാരയിൽ നിന്ന് വേർപെട്ട നിലയും അവരുടെ വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. പിന്നാക്ക സമൂഹങ്ങളിൽപ്പെട്ട സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സമ്പുഷ്ടമായ സഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br><br>പരിപാടിയുടെ ലക്ഷ്യം ചുവടെ ചേർക്കുന്നു:<br><br>• പ്രധാന പാഠ്യപുസ്തകത്തോടൊപ്പം പ്രാദേശിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പാഠ്യപുസ്തകം<br>• അധ്യാപകരും അധ്യാപകേതര ജീവനക്കാരും ഗോത്ര പശ്ചാത്തലം മനസ്സിലാക്കാൻ ശാസ്ത്രീയ പരിശീലനം<br>• ഹയർസെക്കന്ററി ക്ലാസുകളിൽ പ്രത്യേക വിഷയങ്ങൾക്ക് പ്രത്യേക പിന്തുണ നൽകുക<br>• സ്കൂളിൽ സ്ഥിരം അധ്യാപകരുടെയും കൗൺസിലർമാരുടെയും നിയമനം.<br>• 8-ാം ക്ലാസ്സ് മുതൽ തുടർച്ചയായി കരിയർ ഓറിയന്റേഷൻ പരിപാടികൾ |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് 2025-26 വർഷത്തിൽ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ഗോത്ര മേഖലയിലെ കുട്ടികൾ പഠിക്കുന്ന 40 സ്കൂളുകളെ തിരഞ്ഞെടുത്ത് Special എന്റൈച്ച്മെന്റ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. 2025-26വർഷത്തെSpecial Enrichment Programme മുഖേന തിരഞ്ഞെടുത്ത സ്കൂളുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>1. Cumulative Record preparation<br><br>2. Expert Classes<br><br>3. Camps<br><br>4. Skill Development Workshops<br><br>5. Exposure Trips<br><br>6. Improving Infrastructure Facilities<br><br>7.Parental Awareness Programme<br><br>8. Student Support System<br><br>ഗോത്ര പ്രദേശ സ്കൂളുകൾ-ജില്ലാനുസൃത പട്ടിക: |

| Sl.No | District | Schools | No.of schools |
|---|---|---|---|
| 1 | Thiruvananthapuram | Tribal | 2 |
| 2 | Kollam | Tribal | 1 |
| 3 | Pathanamthitta | Tribal | 2 |
| 4 | Kottayam | Tribal | 3 |
| 5 | Idukki | Tribal | 4 |
| 6 | Ernakulam | Tribal | 3 |
| 7 | Thrissur | Tribal | 2 |
| 8 | Palakkad | Tribal | 3 |
| 9 | Malappuram | Tribal | 2 |
| 10 | Kozhikode | Tribal | 1 |
| 11 | Wayanad | Tribal | 9 |
| 12 | Kannur | Tribal | 3 |
| 13 | Kasaragod | Tribal | 5 |
| | **Total** | | **40** |

മേൽ പറഞ്ഞ സ്കൂളുകൾക്ക് ഒന്നാം ഘട്ട ഫണ്ട് ആയി ഓരോ സ്കൂളിനും 4,56,500/-രൂപ (ക്യുമുലേറ്റീവ് റെക്കോർഡ് തയ്യാറാക്കൽ- 15,000/-രൂപ, എക്സ്പെർട്ട് ക്ലാസുകൾ- 30,000/-രൂപ, ക്യാമ്പുകൾ- 46,000/-രൂപ, നൈപുണ്യ വികസന ശിൽപശാല- 46000/-രൂപ, പഠനയാത്ര- 30,000/-രൂപ, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി- 9,000/-രൂപ, ഭൗതിക സാഹചര്യ വികസനം- 2,55,500/-രൂപ, വിദ്യാർത്ഥി പിന്തുണ പരിപാടി- 25,000/-രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്.

27/08/2025നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ വച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനതല മീറ്റിംഗ് കൂടി. എല്ലാ ജില്ലാ കളക്ടർമാരുടെയും യോഗം കൂടുവാനും, 12/09/2025നു വയനാട് ജില്ലയിൽ ഒരു അവലോകന യോഗം കൂടുവാനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 12/09/2025നു വയനാട് ജില്ലാതല യോഗം കൂടി തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ